**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3386** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിയുള്ള കുട്ടികൾക്കായി ഇൻക്ലൂസീവ് വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സ്കൂളുകളിൽ ഭിന്നശേഷിയുള്ള കുട്ടികൾക്കായി ഇൻക്ലൂസീവ് വിദ്യാഭ്യാസം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സർക്കാർ സ്കൂളുകളിലും സർക്കാർ എയ്ഡഡ് സ്കൂളുകളിലും ഇൻക്ലൂസീവ് വിദ്യാഭ്യാസമാണ് നടപ്പിലാക്കുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പും സമഗ്ര ശിക്ഷാ കേരളയും സംയുക്തമായി 'Children Action Special Needs (CWSN) പൊതുവിദ്യാലയങ്ങളിൽ ഉൾച്ചേർക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും സഹായോപകരണങ്ങൾ, തടസ്സരഹിത സൗകര്യങ്ങൾ പ്രത്യേക അധ്യാപക പിന്തുണ എന്നിവ നല്കുന്നുണ്ട്. |
| (ബി) | പഠനത്തിന് സഹായകമാവുന്ന സൗജന്യ പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | കാഴ്ച പരിമിതരായ കുട്ടികൾക്ക് ബ്രയിൽ ടെക്സ്റ്റ്, ബ്രയിൽ പഠനോപകരണങ്ങൾ, ലാർജ് പ്രിന്റ് ടെക്സ്റ്റ് എന്നിവയും ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ടി.എൽ.എം. കിറ്റുകൾ, വർക്ക് ഷീറ്റുകൾ പഠന സോഫ്റ്റ് വെയറുകൾ അടങ്ങുന്ന ടാബുകൾ എന്നിവ നല്കിയിട്ടുണ്ട്. |
| (സി) | അദ്ധ്യാപകരെ ഇൻക്ലൂസീവ് വിദ്യാഭ്യാസത്തിൽ പരിശീലിപ്പിക്കുന്നതിനായി പ്രത്യേക പരിപാടികൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഓരോ വിദ്യാലയത്തിലെയും ഒരു ടീച്ചറിനു (നോഡൽ ടീച്ചർ) വീതം RPwD Act 2016, 21 ഭിന്നശേഷി വിഭാഗങ്ങൾ, Buddy സംവിധാനം, മോഡൽ ഇൻക്ലൂസീവ് സ്കൂൾ എന്നിവയെ ആസ്പദമാക്കി പരിശീലനങ്ങൾ നൽകിയിരുന്നു. കൂടാതെ, ശ്രവണപരമായ വെല്ലുവിളി (HI), കാഴ്ചപരമായ വെല്ലുവിളി (VI), ബുദ്ധിപരമായ വെല്ലുവിളി (ID), ഓട്ടിസം സ്പെക്ട്രം ഡിസോഡർ (ASD) എന്നീ അവസ്ഥയുള്ള കുട്ടികളെ ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ എങ്ങനെ ഉൾചേർക്കാം എന്ന വിഷയത്തിൽ ക്ലാസ്സുകൾ നൽകിയിട്ടുണ്ട്. |
| (ഡി) | ഭിന്നശേഷിയുള്ള കുട്ടികൾക്ക് ഗൃഹാധിഷ്ഠിത പഠനവും റീഹാബിലിറ്റേഷൻ സഹായവും നൽകുന്ന | (ഡി) | ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നേടുന്ന കുട്ടികൾക്ക് സമഗ്ര ശിക്ഷാ കേരളം പദ്ധതി മുഖേന നിയമനം നൽകിയിട്ടുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ |

| | | | |
|---|---|---|---|
| | പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | | സേവനം കുട്ടികളുടെ വീടുകളിൽ എത്തി നൽകി വരുന്നു.<br>അക്കാദമികമായി മുന്നേറാൻ കഴിയുന്ന കുട്ടികൾക്ക് ക്ലാസ്റൂം അനുഭവം നൽകുന്നതിനായി വെർച്വൽ ക്ലാസുമുറികൾ വിദ്യാലയങ്ങളിൽ സജ്ജമാക്കിയിട്ടുണ്ട്. ക്ലാസ് മുറി വീക്ഷിക്കുന്നതിനായി ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നേടുന്ന കുട്ടികൾക്ക് ടാബുകളും നൽകിയിട്ടുണ്ട്.<br>റീഹാബിലിറ്റേഷൻ സാധ്യത ലഭ്യമാക്കുന്നതിനായി തിരഞ്ഞെടുത്ത തൊഴിൽ മേഖലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ കോഴിക്കോട്, മലപ്പുറം ജില്ലകളിൽ "എസ്റ്റീം" എന്ന പേരിൽ സമഗ്ര ശിക്ഷാ കേരളം സ്റ്റാർസ് പദ്ധതി മുഖേന നടപ്പിലാക്കി വരുന്നു. |
| (ഇ) | ഇൻക്ലൂസീവ് വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാൻ സ്കൂളുകളിൽ സൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഇ) | വിദ്യാലയങ്ങളിൽ ഇൻക്ലൂസീവ് വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാലയ അന്തരീക്ഷം ഭിന്നശേഷി സൗഹൃദമാകുന്നതിനുള്ള ഇടപ്പെടൽ, സഹപാഠികളുടെ സൗഹൃദം ഉറപ്പാക്കുന്ന ബഡ്ഡി ഗ്രൂപ്പുകളുടെ രൂപീകരണം, ലോക ഭിന്നശേഷി ദിനം, വൈറ്റ് കെയ്ൻ ഡേ, ഓട്ടിസം കെയർ ഡേ തുടങ്ങിയ ദിനാചരണങ്ങളും സാമൂഹ്യ ഉൾചേർക്കൽ പരിപാടികൾ, ഇൻക്ലൂസീവ് സ്പോർട്സ് തുടങ്ങിയവ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ